"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - എറണാകുളം മട്ടാഞ്ചേരി റ്റി.ഡി. ഹൈസ്കൂളിലെ എച്ച്.എസ്.ടി (ഗണിതം) ശ്രീമതി പ്രീത പാണ്ഡുരംഗ് സർക്കാരിൽ സമർപ്പിച്ച റിവ്യൂ ഹർജികൾ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.3891/2026/GEDN തീയതി,തിരുവനന്തപുരം, 10-06-2026

---

പരാമർശം:-
1) 26.10.2023 ലെ സ.ഉ.(സാധാ) നം.6530/2023/പൊ.വി.വ
2) ശ്രീമതി പ്രീത പാണ്ഡുരംഗ് 05.12.2023, 14.03.2024 തീയതികളിൽ സർക്കാരിൽ സമർപ്പിച്ച റിവ്യൂ ഹർജികൾ.
3) എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 22.10.2025 ലെ DEOEKM/3340/2024-B6 നമ്പർ കത്ത്.
4) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19.05.2020 ലെ DGE/22459/2023-EC3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ മട്ടാഞ്ചേരി റ്റി.ഡി.എച്ച്.എസ് ൽ 15.07.2013 മുതൽ രാജി.വി.ജി മരണപ്പെട്ട ഒഴിവ് ലഭ്യമാണെങ്കിലും, മാനേജർ ശ്രീമതി. രാജലക്ഷ്മി പി.ബി യ്ക്ക് 01.04.2014 മുതൽ മട്ടാഞ്ചേരി റ്റി.ഡി.ടി.ടി.ഐ യിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ 02.06.2014 മുതൽ നിയമിച്ചതിന് ശേഷം മാത്രമാണ് ശ്രീമതി പ്രീത പാണ്ഡുരംഗ് എച്ച്.എസ്.ടി (ഗണിതം) തസ്തികയിൽ ജോലി ചെയ്തിട്ടുള്ളത് എന്നതിനാൽ 02.06.2014 മുതൽ ശ്രീമതി. രാജശ്രീ എ.എൻ ന് രാജി വി.ജി മരണപ്പെട്ട ഒഴിവിൽ നിയമനം നൽകുന്നതിനും ശ്രീമതി. പ്രീത പാണ്ഡുരംഗ്-ന് മട്ടാഞ്ചേരി ടി.ഡി. എച്ച്.എസ് ലെ അധ്യാപികയായ ശ്രീമതി ജ്യോതിഭായി എസ് സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ 01.06.2019 മുതൽ നിയമനം നൽകുന്നതിനും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ടി ഉത്തരവിനെതിരെ ശ്രീമതി പ്രീത പാണ്ഡുരംഗ് സർക്കാരിൽ പരാമർശം (1) റിവ്യൂ ഹർജികൾ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിവ്യൂ ഹർജികൾ വിശദമായി പരിശോധിക്കുന്നതിന്റെ ഭാഗമായി ഹർജിക്കാരിയ്ക്കും ശ്രീമതി. രാജശ്രീ.എ.എൻ നും മാനേജർക്കും മറ്റു ബന്ധപ്പെട്ട കക്ഷികൾക്കും ഹിയറിംഗിന് അവസരം നൽകി.

2. ഹർജിക്കാരിയായ ശ്രീമതി പ്രീത പാണ്ഡുരംഗിന്റെ വാദങ്ങൾ പ്രകാരം,മട്ടാഞ്ചേരി ടി.ഡി. ഹൈസ്കൂളിൽ രാജി വി.ജി മരണപ്പെട്ടതുമൂലം എച്ച്.എസ്.ടി. (ഗണിതം) തസ്തികയിൽ 15.07.2013 മുതൽ ഉണ്ടായ റെഗുലർ വേക്കൻസിയിലേയ്ക്ക് നിയമനം നൽകി ഉത്തരവ്

ഉണ്ടാകണം. അല്ലാത്തപക്ഷം എച്ച്.എസ്.ടി (ഗണിതം) തസ്തികയിലെ 15.07.2013 മുതൽ 17.11.2013 വരെയുള്ള നിയമനവും, 18.11.2013 മുതൽ 01.06.2014 വരെയുള്ള നിയമനവും, 02.06.2014 മുതൽ ലഭിച്ച സ്ഥിരം നിയമനവും, 2017-2018 അദ്ധ്യയന വർഷവും 2018-2019 അദ്ധ്യയന വർഷവും എച്ച്.എസ്.ടി. (ഗണിതം) തസ്തികയിൽ നിന്നും യു.പി.എസ്.ടി തസ്തികയിലേയ്ക്ക് deployed ആയി സേവനം അനുഷ്ഠിച്ച കാലയളവ് KER Chapter XIV A Rule 51 A, Rule 52 പ്രകാരം എച്ച്.എസ്.ടി. (ഗണിതം) തസ്തികയിൽ തന്നെ deployed ആക്കി നിലനിർത്തിയും അപ്രകാരം 15.07.2009 മുതൽ എച്ച്.എസ്.ടി (ഗണിതം) തസ്തികയിൽ സേവനമനുഷ്ഠിച്ച എല്ലാ നിയമനങ്ങളും ഏകീകരിച്ച് ലഭിക്കുവാൻ വേണ്ട ഉത്തരവുണ്ടാകണം.

3. ശ്രീമതി രാജശ്രീ എ.എൻ ന്റെ വാദങ്ങൾ പ്രകാരം, താൻ മട്ടാഞ്ചേരി ടി.ഡി.ഹൈസ്കൂളിൽ എച്ച്.എസ്.ടി (ഗണിതം) തസ്തികയിൽ സേവനമനുഷ്ഠിച്ചു വരികയാണ്. ടി മാനേജ്മെന്റിനു കീഴിൽ 02.06.2004 മുതൽ റഗലർ എൽ.പി.എസ്.ടി ആയാണ് സേവനമാരംഭിച്ചത്. ശ്രീമതി പ്രീത പാണ്ടുരംഗ് 04.06.2004 ന് യു.പി.എസ്.ടി ആയാണ് ടി മാനേജ്മെന്റിൽ സേവനം ആരംഭിച്ചത്. ടി മാനേജ്മെന്റിലെ സീനിയോരിറ്റി ലിസ്റ്റിൽ തന്റെ പേര് 38-ാമതും ശ്രീമതി പ്രീത പാണ്ടുരംഗിന്റെ പേര് 41-ാമതുമാണ്. താൻ എൽ.പി.എസ്.ടി ആയി സേവനമനുഷ്ഠിക്കവെ ഡിവിഷൻ ഫോളിനെ തുടർന്ന് 15.07.2010 മുതൽ യു.പി.എസ്.ടി ആയി മട്ടാഞ്ചേരി TDHS ൽ നിയമിക്കുകയുണ്ടായി. തുടർന്ന് retrench ചെയ്ത് മട്ടാഞ്ചേരി ബി.ആർ.സി യിൽ ക്ലസ്റ്റർ കോർഡിനേറ്ററായി 18.06.2012 മുതൽ നിയമിക്കുകയുണ്ടായി. ഇങ്ങനെ retrench ചെയ്യപ്പെടുന്ന അധ്യാപകർക്ക് ലീവ് ഉൾപ്പെടെയുള്ള എല്ലാ സേവന ആനുകൂല്യങ്ങൾക്കും അർഹതയുള്ളതാണ്. താൻ ഇങ്ങനെ ജോലി ചെയ്യുന്ന സമയത്ത് TDHS ൽ ശ്രീമതി രാജി.വി.ജി മരിച്ചതു മൂലം 15.07.2013 ൽ എച്ച്.എസ്.റ്റി (ഗണിതം) ഒഴിവുണ്ടാകുകയും ശ്രീമതി പ്രീത പാണ്ടുരംഗിനെ ടി ഒഴിവിൽ നിയമിക്കുകയുമുണ്ടായി. തുടർന്ന് തന്നെ ശ്രീമതി രാജലക്ഷ്മി.പി.ബി യ്ക്ക് എച്ച്.എം ആയി സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ ഉണ്ടായ ഒഴിവിലേയ്ക്ക് 02.06.2024 മുതൽ എച്ച്.എസ്.ടി (ഗണിതം) ആയി നിയമിക്കുകയുണ്ടായി. അംഗീകൃത സീനിയോരിറ്റി പ്രകാരം തനിക്ക് പൂർണ്ണ യോഗ്യതയുള്ളതിനാൽ ശ്രീമതി പ്രീത പാണ്ടുരംഗിന്റെ സ്ഥാനക്കയറ്റം എറണാകുളം ഡി.ഇ.ഒ നിരസിക്കുകയുണ്ടായി. ഇതിനെതിരെ പ്രീത പാണ്ടുരംഗ് സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയും 17.09.2015 ലെ സ.ഉ (സാധാ) നം.4133/2015/പൊ.വി.വ പ്രകാരം ആയത് നിരസിക്കുകയും ചെയ്തു. തുടർന്ന് മാനേജർ പ്രീത പാണ്ടുരംഗിനെ ശ്രീമതി രാജലക്ഷ്മി.പി.ബി യുടെ പ്രൊമോഷൻ ഒഴിവിലേക്ക് മാറ്റി നിയമിക്കുകയും തന്നെ ശ്രീമതി.രാജി.വി.ജി യുടെ ഒഴിവിൽ നിയമിക്കുകയും ചെയ്തു. ഇതിനെതിരെ ശ്രീമതി പ്രീത പാണ്ടുരംഗ് ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യുകയുണ്ടായി. താൻ 02.06.2004 മുതൽ റെഗുലർ എൽപിഎസ്എ ആയി സർവീസിൽ തുടർന്നുവരികയായിരുന്നു. എന്നാൽ 1:40 എന്ന പുതുക്കിയ അനുപാതം അനുസരിച്ച് തന്നെ നിലനിർത്താതെ 15.07.2010 മുതൽ തന്നെ സർവ്വീസിൽ നിന്ന് ക്രമരഹിതമായി പിരിച്ചുവിട്ടു. തന്നെ 1:40 അനുപാതത്തിൽ നിലനിർത്താൻ അർഹതയുണ്ട്. Rule 43 of Chapter XIA A KER പ്രകാരം എച്ച്.എസ്.ടി ആയി സ്ഥാനക്കയറ്റം ലഭിക്കുവാനുള്ള നിയമപരമായ അവകാശിയും താനാണ്. KER Rule 51 (A) അവകാശി എന്ന നിലയിൽ വി.ജി രാജിയുടെ മരണാനന്തരം വന്ന ഒഴിവിൽ തന്നെ നിയമിക്കണം എന്ന ശ്രീമതി പ്രീത പാണ്ടുരംഗിന്റെ വാദം നിലനിൽക്കുന്നതല്ല ടിയാൾക്ക് 51 (A) Claim ന് അർഹതയില്ല. പ്രീത പാണ്ഡുരംഗ് യു.പി.എസ്.ടി ആയി വർക്ക് ചെയ്തിരുന്ന സമയത്ത്

എച്ച്.എസ്.എ ആയ ശ്രീ.ജി.എസ് നവീൻ അവധി ഒഴിവിൽ എച്ച്.എസ്.എ ആയി നിയമിച്ചിരുന്നു. ശ്രീ.ജി.എസ്സ്.നവീൻ തിരികെ ജോലിയിൽ പ്രവേശിച്ചപ്പോൾ ശ്രീമതി പ്രീത പാണ്ടുരംഗ് നെ യു.പി.എസ്.ടി ആയി മാറ്റുകയുമുണ്ടായി. അതിനുശേഷം വന്ന വി.ജി രാജിയുടെ മരണം മൂലമുള്ള ഒഴിവ് KER ലെ Chapter XIV (A) R 42 പ്രകാരം പ്രമോഷൻ മൂലമാണ് നികത്തേണ്ടത്. ആയതുകൊണ്ട് തന്നെ അപ്രൂവ്ഡ് സിനിയോരിറ്റി ലിസ്റ്റിലെ സീനിയറായ തന്നെ പ്രമോഷൻ വഴി എച്ച്.എസ്.ടി (ഗണിതം) ആയി വിജി രാജിയുടെ മരണം മൂലമുണ്ടായ ഒഴിവിൽ നിയമിച്ചത് നിയമാനുസൃതമാണ്. തന്റെ 15.07.2010 മുതൽ 01.06.2014 വരെയുള്ള നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച കാലയളവ് ഭേദഗതി വരുത്തി ഡ്യൂട്ടിയായി ക്രമീകരിച്ചും 01.08.2011 മുതൽ 29.03.2012 വരെ പഠനാവശ്യത്തിനായി വിട്ടു നിന്ന കാലയളവ് ശൂന്യവേതനാവധി ആയും സർക്കാർ അനുവദിച്ചിട്ടുണ്ട്. തന്നെ 02.06.2014 മുതൽ എച്ച്.എസ്.ടി (ഗണിതം) ആയി ശ്രീമതി രാജി വി.ജി മരണപ്പെട്ട ഒഴിവിൽ നിയമനം നൽകി ശമ്പള കുടിശ്ശിക നൽകാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവായിട്ടുണ്ട്. ആയതിനാൽ ശ്രീമതി പ്രീത പാണ്ടുരംഗ് സർക്കാരിൽ സമർപ്പിച്ചിട്ടുള്ള റിവ്യൂ ഹർജി തള്ളിക്കളയണം.

4. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ പ്രകാരം:-

(i) മട്ടാഞ്ചേരി ടി.ഡി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയ്ക്കു കീഴിലുള്ള മട്ടാഞ്ചേരി ടി.ഡി ഹൈസ്കൂളിലെ എച്ച്.എസ്.ടി (ഗണിതം) ആയിരുന്ന രാജി വി.ജി 14.07.2013 ൽ മരണപ്പെട്ടതിനെ തുടർന്നുണ്ടായ ഒഴിവിൽ ചട്ടം 43 അവകാശിയായ ശ്രീമതി പ്രീത പാണ്ഡുരംഗ് നെയാണ് മാനേജർ നിയമിച്ചിരുന്നത്. എന്നാൽ സീനിയർ അവകാശി എന്ന നിലയിൽ ശ്രീമതി രാജശ്രീ എ.എൻ നു പ്രസ്തുത തസ്തികയിൽ അർഹത ഉണ്ടെന്നുള്ള കണ്ടെത്തലിൽ ശ്രീമതി പ്രീത പാണ്ഡുരംഗ് ന്റെ നിയമനാംഗീകാരം നിരസിച്ചു. 14.07.2013 ലെ ഒഴിവ് വരുമ്പോൾ ശ്രീമതി രാജശ്രീ എ.എൻ എച്ച്.എസ്.ടി (ഗണിതം) തസ്തികയിലേയ്ക്ക് ആവശ്യമായ യോഗ്യത ആർജിച്ചിരുന്നു. ശ്രീമതി പ്രീത പാണ്ഡുരംഗ് 04.06.2004 മുതൽ നിയമനാംഗീകാരത്തോടെ യു.പി.എസ്.ടി ആയി ജോലിചെയ്തു വരുന്നു. എച്ച്.എസ്.ടി (ഗണിതം) ആയിരുന്ന ശ്രീ. നവിൻ ജി.എസ് 15.07.2009 മുതൽ 30.06.2014 വരെ ശൂന്യവേതന അവധിയിൽ പ്രവേശിച്ചത് മൂലം ഉണ്ടായ ഒഴിവിലേയ്ക്ക് ചട്ടം 43 അവകാശിയായ ശ്രീമതി പ്രീത പാണ്ഡുരംഗ് നെ 15.07.2009 മുതൽ 30.06.2014 വരെ മാനേജർ സ്ഥാനക്കയറ്റം നൽകി നിയമിക്കുകയുണ്ടായി. ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകിയിട്ടുള്ളതാണ്. 14.07.2013 മുതലുള്ള നിയമനാംഗീകാരം നിരസിച്ചതിനെതിരെ ശ്രീമതി പ്രീത പാണ്ഡുരംഗ് സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയും തുടർന്ന് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.3449/2015 ന്മേലുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ ആവശ്യം 17.09.2015 ലെ സ.ഉ (സാധാ) നം.4133/2015/പൊ.വി.വ പ്രകാരം നിരസിച്ചിട്ടുള്ളതാണ്.

(ii) ആയതിനെതിരെ ശ്രീമതി പ്രീത പാണ്ഡുരംഗ് ഫയൽ ചെയ്ത WP(C) No.19246/2016 ന്മേലുള്ള 13.07.2023 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലുള്ള 26.10.2023 ലെ സ.ഉ(സാധാ)നം.6530/2023/പൊ.വി.വ ഉത്തരവ് പ്രകാരം ശ്രീമതി എ.എൻ രാജശ്രീയ്ക്ക് 14.07.2013 മുതൽ വി.ജി രാജി എച്ച്.എസ്.ടി (ഗണിതം) മരണപ്പെട്ടതു മൂലമുണ്ടായ തസ്തിക ലഭ്യമാണെങ്കിലും 01.04.2014 മുതൽ ശ്രീമതി രാജലക്ഷ്മി പിബി യെ ടി.ഡി.ടി.ടി.ഐ യിലേക്ക്

സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ 02.06.2014 മുതൽ മാത്രം ടിയാൾ എച്ച്.എസ്.ടി (ഗണിതം) തസ്തികയിൽ ജോലി ചെയ്തുവരുന്നതിനാൽ 02.06.2014 മുതൽ ശ്രീമതി. രാജശ്രീ എ.എൻ ന്റെ നിയമനവും 31.03.2019 ൽ എച്ച്.എസ്.ടി (ഗണിതം) അധ്യാപികയായ ശ്രീമതി. ജ്യോതി ഭായ് വിരമിച്ച ഒഴിവിൽ 01.06.2019 മുതൽ ശ്രീമതി പ്രീത പാണ്ഡുരംഗ് ന്റെ നിയമനവും അംഗീകരിക്കാൻ നിർദ്ദേശം നൽകികൊണ്ട് ഉത്തരവാകുകയും ആയതിൻപ്രകാരം ശ്രീമതി രാജശ്രീ എ.എൻ ന്റെ നിയമനം വി.ജി രാജി മരണപ്പെട്ടതു മൂലമുണ്ടായ 14.07.2013 മുതലുള്ള ഒഴിവിലും ശ്രീമതി പ്രീത പാണ്ഡുരംഗിന്റെ നിയമനം ശ്രീമതി. ജ്യോതി ഭായ് വിരമിച്ച ഒഴിവിൽ 01.06.2019 മുതലും ക്രമികരിച്ച മാനേജർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(iii) 2014-15 ൽ 5 എച്ച്.എസ്.ടി (ഗണിതം) തസ്തികകൾ അനുവദിച്ചിരുന്നു. 2015-2016 മുതൽ 2019-20 വരെ 4 തസ്തികകളും 2022-23 മുതൽ 2023-24 വരെ 3 തസ്തികകളുമാണ് അനുവദിച്ചിട്ടുള്ളത്. ടി വർഷങ്ങളിലെ സ്റ്റാഫ് ലിസ്റ്റ് പ്രകാരം ശ്രീമതി രാജശ്രീയ്ക്ക് നിലനില്ക്കാൻ തസ്തിക ലഭ്യമാണ്. മേൽ സാഹചര്യത്തിൽ ശ്രീമതി രാജശ്രീ എ.എൻ ന്റെ 02.06.2014 മുതലുള്ള എച്ച്.എസ്.ടി (ഗണിതം) അദ്ധ്യാപികയായുള്ള നിയമനം അംഗീകരിച്ചിട്ടുണ്ട്. ശ്രീമതി പ്രീത പാണ്ഡുരംഗ് ഉന്നയിച്ച വാദഗതികളെല്ലാം സർക്കാർ നേരത്തെ തള്ളിക്കളഞ്ഞിട്ടുള്ളതുമാണ്. ശ്രീമതി പ്രീത പാണ്ഡുരംഗ് നെ രാജി വി.ജി 14.07.2013 ൽ മരണപ്പെട്ട ഒഴിവിലേയ്ക്ക് പരിഗണിച്ചാൽ ശ്രീമതി രാജശ്രീ എ.എൻ നെ ശ്രീമതി പ്രീത പാണ്ടുരംഗിനെ പരിഗണിച്ച ഒഴിവിലേയ്ക്ക് മാറ്റി ക്രമീകരിക്കേണ്ടി വരും.

(iv) 2017-2018 വർഷത്തിൽ തസ്തിക നഷ്ടപ്പെട്ടതുമൂലം ശ്രീമതി. പ്രീത പാണ്ഡുരംഗ് 15.07.2017 മുതൽ ഡിപ്ലോയ്ഡ് ആയി ഗവ. എച്ച്.എസ് പാലിശ്ശേരിയിലും, ഗവ. കറുമശ്ശേരിയിലും യു.പി.എസ്.ടി ആയി ജോലിചെയ്തിരുന്നു. തുടർന്ന് 31.03.2019 ൽ ശ്രീമതി ജ്യോതിഭായ് എസ് വിരമിച്ച ഒഴിവിൽ ജോലിചെയ്യുന്നതിന് അനുവാദം നൽകിയിരുന്നു. 09.11.1999 ലെ സ.ഉ (കൈ) നം. 275/1999/പൊ.വി.വ പ്രകാരം അവധി ഒഴിവിൽ തുടരുന്നവരെ സീനിയോരിറ്റി അടിസ്ഥാനത്തിൽ ആദ്യം ഉണ്ടാകുന്ന റെഗുലർ ഒഴിവിൽ മാറ്റി നിയമിക്കേണ്ടതുണ്ട്. കെ.ഇ.ആർ അദ്ധ്യായം 14 പ്രകാരം ചട്ടം 43 അവകാശിക്ക് ചട്ടം 51A അവകാശിയെക്കാൾ മുൻഗണന നൽകുന്നുണ്ട്. ശ്രീമതി പ്രീത പാണ്ഡുരംഗ് ചട്ടം 43 അവകാശിയാണ്. ആയതിനാൽ തന്നെ 15.07.2009 മുതൽ 30.06.2014 വരെ ഉണ്ടായ അവധി ഒഴിവിൽ മാനേജർ ടിയാളെ എച്ച്.എസ്.ടി (ഗണിതം) അദ്ധ്യാപികയായി നിയമിച്ചിരുന്നു.

(v) 14.05.1971 ജനന തീയതി ആയുള്ള രാജശ്രീ.എ.എൻ 02.06.2004 ലും, 18.05.1975 ൽ ജനന തീയതി ആയുള്ള ശ്രീമതി പ്രീത പാണ്ഡുരംഗ് 04.06.2004 ലും ആണ് സേവനത്തിൽ പ്രവേശിച്ചിരിക്കുന്നത്. കോമൺ സീനിയോരിറ്റി പ്രകാരം സേവനം കൊണ്ടും പ്രായം കൊണ്ടും ശ്രീമതി പ്രീത പാണ്ഡുരംഗ് ശ്രീമതി രാജശ്രീ എ.എൻ നേക്കാൾ ജൂനിയറാണ്. ശ്രീമതി രാജശ്രീ എ.എൻ സേവനത്തിലിരിയ്ക്കെ 01.08.2011 മുതൽ 29.03.2013 വരെ ശൂന്യവേതനാവധി എടുത്തു ബി.എഡ് കോഴ്സ് ചെയ്യുകയും ആയതിന് സർക്കാർ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ തന്നെ തുടർന്നുണ്ടാകുന്ന ആദ്യ ഒഴിവിൽ സീനിയർ അവകാശിയായ ശ്രീമതി രാജശ്രീ. എ.എൻ നെ പരിഗണിക്കേണ്ടതിനാൽ 14.07.2013 ൽ രാജി.വി.ജി മരണപ്പെട്ട ഒഴിവിൽ 15.07.2013 മുതൽ രാജശ്രീ.എ.എൻ നെ ആണ് പരിഗണിക്കാനാകുക.

(vi) അവധി ഒഴിവിൽ തുടരുന്നവരെ സീനിയോരിറ്റി ക്രമത്തിൽ ആദ്യം ഉണ്ടാകുന്ന റെഗുലർ ഒഴിവിൽ മാറ്റിനിയമിക്കണമെന്നാണ് 09.11.1999 ലെ സ.ഉ (കൈ) നം. 275/ 1999/പൊ.വി.വ ഉത്തരവിൽ വ്യക്തമാക്കുന്നത്. സീനിയോരിറ്റി അടിസ്ഥാനത്തിൽ ചട്ടം 43 അവകാശി ഉള്ളപ്പോൾ അവധി ഒഴിവിൽ തുടരുന്ന അദ്ധ്യാപികയെ റെഗുലർ ഒഴിവിലേയ്ക്ക് മാറ്റി നിയമിക്കുവാൻ മേൽ ഉത്തരവിൽ പറയുന്നില്ല. ആയതിനാൽ തന്നെ ശ്രീമതി രാജശ്രീ എ.എൻ നെ എച്ച്.എസ്.ടി (ഗണിതം) അദ്ധ്യാപികയായി നിയമിക്കുവാൻ നിർദ്ദേശിച്ച കൊണ്ടുള്ള 26.10.2023 ലെ ഉത്തരവ് ഭേദഗതി ചെയ്യേണ്ട സാഹചര്യം നിലവിലില്ല. മാത്രമല്ല നിലവിൽ ശ്രീമതി രാജശ്രീ എ.എൻ ന്റെ എച്ച്.എസ്.ടി (ഗണിതം) അദ്ധ്യാപികയായുള്ള നിയമനം 11.04.2024 ലെ ഉത്തരവ് പ്രകാരം അംഗീകരിച്ച നൽകിയിട്ടുണ്ട്. 02.06.2014 മുതലുള്ള അരിയർ തുക പണമായി ലഭിക്കണമെന്ന് കാണിച്ച ശ്രീമതി രാജശ്രീ എ.എൻ ഫയൽ ചെയ്ത WP(C)No.11475/2025 മേലുള്ള ഇടക്കാല വിധിന്യായത്തിൽ 2014 മുതലുള്ള അരിയർ തുക പണമായി നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ട് എന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(vii) 09.11.1999 ലെ സഉ (കൈ)നം. 275/1999/പൊ.വി.വ. പ്രകാരം, അവധി ഒഴിവിൽ തുടർന്ന് വരുന്ന അധ്യാപകരെ അവരുടെ സീനിയോറിറ്റി പരിഗണിച്ച്, മാനേജ്മെന്റിൽ ആദ്യം വരുന്ന സ്ഥിരം ഒഴിവിലേയ്ക്ക് മാറ്റി നിയമിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം ശ്രീമതി പ്രീത പാണ്ഡുരംഗിനെ 15.07.2013 മുതൽ റഗുലർ (മരണം കാരണം സംജാതമായ) ഒഴിവിൽ നിയമിച്ച നടപടി ക്രമപ്രകാരമാണ്.

5. ഹിയറിംഗിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടെയും ലഭ്യമായ റിപ്പോർട്ടുകളുടെയും ബന്ധപ്പെട്ട ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ ആവശ്യം സർക്കാർ വീണ്ടും വിശദമായി പരിശോധിച്ചു. ശ്രീമതി. രാജശ്രീ. എ.എൻ എൽ.പി.എസ്.റ്റി തസ്തികയിലും ശ്രീമതി. പ്രീത പാണ്ഡുരംഗ് യു.പി.എസ്.റ്റി തസ്തികയിലും റഗുലർ നിയമനം ലഭിച്ചിട്ടുള്ളവരാണ്. ശ്രീമതി. രാജശ്രീ. എ.എൻ-നെ യു.പി.എസ്.റ്റി തസ്തികയിലേയ്ക്ക് മാറ്റി നിയമിച്ചപ്പോൾ തസ്തിക ലഭ്യമല്ലാത്തതിനെ തുടർന്ന് ബി.ആർ.സി യിൽ പുനർവിന്യസിക്കുകയും ചെയ്തിരുന്നു. Combined seniority പരിശോധിക്കുമ്പോൾ ശ്രീമതി. രാജശ്രീ. എ.എൻ ആണ് സീനിയർ. എന്നാൽ എൽ.പി.എസ്.റ്റി-യു.പി.എസ്.റ്റി combined seniority List യു.പി. സ്കൂളിലെ എച്ച്.എം. തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് മാത്രമേ പരിഗണിക്കാൻ പാടുള്ളൂ എന്ന് ത്രേസ്യ കേസിലെ വിധിന്യായത്തിൽ ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. എച്ച്.എസ്.റ്റി തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ നിയമനത്തിന് യോഗ്യതയുള്ള സീനിയറായ യു.പി.എസ്.റ്റി-യെ ആണ് ആദ്യം പരിഗണിക്കേണ്ടത്. ആയത് പ്രകാരം സീനിയർ ചട്ടം 43 അവകാശി ശ്രീമതി. പ്രീത പാണ്ഡുരംഗ് ആണ്. 15.07.2009 ൽ എച്ച്.എസ്.റ്റി (ഗണിതം) തസ്തികയിൽ ഉണ്ടായ അവധി ഒഴിവിലും രാജി വി.ജി 14.07.2013 ൽ മരണപ്പെട്ടതിനെ തുടർന്ന് എച്ച്.എസ്.റ്റി (ഗണിതം) തസ്തികയിലെ റഗുലർ ഒഴിവിലും നിയമിക്കപ്പെടാൻ ചട്ട പ്രകാരം അവകാശമുള്ളത് ശ്രീമതി. പ്രീത പാണ്ഡുരംഗിനാണ്. അവധി ഒഴിവിലും മറ്റും താത്കാലികമായി നിയമിക്കപ്പെടുന്നവർക്കും നിയമനാംഗീകാരം ലഭിച്ച ശേഷം പിന്നീട് തസ്തിക നഷ്ടപ്പെടുന്നവർക്കും പിന്നീട് ആ മാനേജ്മെമന്റിന് കീഴിൽ ഒഴിവ് വരുമ്പോൾ നിയമനത്തിന് മുൻഗണന ലഭ്യമാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതാണ് ചട്ടം 51-എ. ശ്രീമതി. പ്രീത പാണ്ഡുരംഗ് യു.പി.എസ്.റ്റി തസ്തികയിൽ റഗുലർ വ്യവസ്ഥയിൽ ജോലി നോക്കിയിരുന്ന സമയത്ത് 15.07.2009 ൽ എച്ച്.എസ്.റ്റി

(ഗണിതം) തസ്തികയിൽ ഉണ്ടായ അവധി ഒഴിവിൽ നിയമിക്കപ്പെട്ടുള്ളതും ശേഷം യു.പി.എസ്.റ്റി തസ്തികയിൽ തിരികെ നിയമിക്കപ്പെട്ടിട്ടുള്ളതുമാണ്. ആയതിനാൽ ടിയാളെ 51-എ അവകാശിയായി കണക്കാക്കേണ്ടതില്ല.

6. മേൽ സാഹചര്യത്തിൽ രാജി വി.ജി മരണപ്പെട്ടതിനെ തുടർന്ന് 15.07.2013-ൽ ഉണ്ടായ എച്ച്.എസ്.റ്റി (ഗണിതം) തസ്തികയിലെ ഒഴിവിൽ ശ്രീമതി പ്രീത പാണ്ഡുരംഗിന്റെ നിയമനവും, 01.04.2014 മുതൽ ശ്രീമതി രാജലക്ഷ്മി പിബി യെ ടി.ഡി.ടി.ടി.ഐ യിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ 02.06.2014 മുതൽ ശ്രീമതി. രാജശ്രീ എ.എൻ-ന്റ നിയമനവും ക്രമീകരിച്ച് പ്രൊപ്പോസൽ സമർപ്പിക്കാൻ മാനേജർക്ക് നിർദ്ദേശം നൽകിയും പ്രസ്തുത പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് മറ്റെല്ലാവിധത്തിലും ക്രമപ്രകാരമെങ്കിൽ അംഗീകാരം നൽകുന്നതിന് എറണാകുളം വിദ്യാഭ്യാസ ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകിയും പരാമർശം (2) റിവ്യൂ ഹർജികൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR D
അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, എറണാകുളം.
മാനേജർ, ടി.ഡി.കോർപ്പറേറ്റ് എഡ്യൂക്കേഷണൽഏജൻസി,
കൊച്ചിൻ തിരുമല ദേവസ്വം, കൊച്ചി-682 002.
ഹെഡ്മിസ്ട്രസ്സ്/ശ്രീമതി പ്രീത പാണ്ടുരംഗ്, HST(മാത്സ്)/
ശ്രീമതി രാജശ്രീ.എ.എൻ, എച്ച്.എസ്.റ്റി (ഗണിതം), ടി.ഡി.ഹൈസ്കൂൾ, മട്ടാഞ്ചേരി, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരളം,തിരുവനന്തപുരം
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Shajahan. S
Date: 10-06-2026 16:47:09
സെക്ഷൻ ഓഫീസർ